# UNIVERSITY OF KERALA

**Thiruvananthapuram, Kerala -695 035**

(Established as University of Travancore by the Travancore University Act in 1937 and reconstituted as University of Kerala by the Kerala University Act of 1957 and presently governed by the Kerala University Act of 1974 passed by the Kerala State Legislative Assembly)

**(Re-accredited by NAAC with 'A' Grade)**


No.Ad.G/MEDISEP/KU/2021 തീയതി: 30/11/2021

## സർക്കുലർ

വിഷയം: സർവകലാശാല അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷുറൻസ് പദ്ധതി (MEDISEP)– വിവരശേഖരണം – ആദ്യഘട്ടം ലഭ്യമാക്കിയ വിവരങ്ങളുടെ പരിശോധന – രണ്ടാം ഘട്ട വിവരശേഖരണം എന്നിവ സംബന്ധിച്ച്.

സൂചന : 1. സ.ഉ (അച്ചടി) നം. 54/17/ധന തീയതി : 24.04.2017

2.സർക്കുലർ നം.110/2021 ധന തീയതി : 22.11.2021

മെഡിസെപ്പ് രണ്ടാം ഘട്ട വിവരശേഖരണവുമായി ബന്ധപ്പെട്ട് മേൽ സൂചന (2) പ്രകാരം സർക്കാർ പരിപത്രം പുറപ്പെടുവിച്ചിരിക്കുന്നു.

സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കുന്ന സർവകലാശാല അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ആദ്യ ഘട്ട വിവര ശേഖരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാക്കിയ ജീവനക്കാർ/പെൻഷൻകാർ, ആശ്രിതർ ഉൾപ്പെടെയുള്ളവരുടെ പേര് വിവരങ്ങൾ മെഡിസെപ്പ് വെബ്പോർട്ടലിൽ പരിശോധിക്കാവുന്നതാണ്. ആയതിനായി www.medisep.kerala.gov.in എന്ന വെബ് സൈറ്റിലെ Status എന്ന ഓപ്ഷനിൽ പ്രവേശിച്ച് ആവശ്യപ്പെടുന്ന വിവരങ്ങൾ (KUTY/KUTYP ID No/PPO No, ജനന തീയതി ,University) നൽകി ജീവനക്കാർ /പെൻഷൻകാർ, ആശ്രിതർ എന്നിവരുടെ പേര് വിവരങ്ങൾ പരിശോധിക്കാവുന്നതാണ്. വിവരങ്ങൾ പൂർണ്ണമായും ലഭ്യമല്ലെങ്കിലോ, പേരുകളിൽ തെറ്റുകളുണ്ടെങ്കിലോ, പേരുകൾ വിട്ടുപോയിട്ടുണ്ടെങ്കിലോ **08.12.2021–ന് വൈകുന്നേരം 5 മണിക്ക് മുൻപായി** www.kufinanace.info എന്ന സൈറ്റിൽ നൽകിയിട്ടുള്ള മെഡിസെപ്പ് ലിങ്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രഫോർമ പൂരിപ്പിച്ച് അതിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ ആധികാരികത തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്/പെൻഷൻ)–ന് സമർപ്പിക്കേണ്ടതാണ്. ജീവനക്കാരുടെ ആശ്രിതരെ പുതുതായി ഉൾപ്പെടുത്താനും വേണ്ട മാറ്റങ്ങൾ വരുത്താനും വിവരങ്ങൾ ചേർക്കുന്നതിനും ഇനിയൊരു അവസരം ഉണ്ടായിരിക്കുന്നതല്ല.

നാളിതുവരെ മെഡിസെപ്പ് പദ്ധതിയിൽ അംഗത്വഅപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത അദ്ധ്യാപകർ/ജീവനക്കാർ/പെൻഷൻകാർ ഇതിനായി www.kufinanace.info എന്ന സൈറ്റിൽ നൽകിയിട്ടുള്ള മെഡിസെപ്പ് ലിങ്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രഫോർമ പൂരിപ്പിച്ച്

അതിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ ആധികാരികത തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം **08.12.2021-ന് വൈകുന്നേരം 5 മണിക്ക് മുൻപായി** അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്/പെൻഷൻ)-ന് സമർപ്പിക്കേണ്ടതാണ്.

മെഡിസെപ് പദ്ധതിയിൽ അംഗത്വമെടുക്കുന്ന അദ്ധ്യാപകർ/ജീവനക്കാർ/ പെൻഷൻകാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1) മെഡിസെപ് പദ്ധതിയുടെ വ്യവസ്ഥകൾ പ്രകാരം ഒരു വ്യക്തിക്ക് ഒന്നിലധികം ജീവനക്കാരുടെ /പെൻഷൻകാരുടെ ആശ്രിതരായിരിക്കുവാൻ സാധ്യമല്ല. ആയതിനാൽ സർക്കാർ ജീവനക്കാരായ/പെൻഷൻകാരായ പങ്കാളികൾ ഒരേ ആശ്രിതരെ രണ്ടു പേരുടേയും ആശ്രിതപ്പട്ടികയിൽ ഉൾപ്പെടുത്തുന്ന സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്.

2) പെൻഷൻകാർ നിലവിൽ സർക്കാർ ജീവനക്കാരുടെ കാറ്റഗറിയിലാണ് ഉൾപ്പെട്ടിരിക്കുന്നതെങ്കിൽ ഇവരെ പെൻഷൻ കാറ്റഗറിയിൽ മാത്രമായി ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതിനായി www.kufinanace.info എന്ന സൈറ്റിൽ നൽകിയിട്ടുള്ള മെഡിസെപ്പ് ലിങ്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രഫോർമ പൂരിപ്പിച്ച് അതിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ ആധികാരികത തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം **08.12.2021-ന് വൈകുന്നേരം 5 മണിക്ക് മുൻപായി** അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്/ പെൻഷൻ)-ന് സമർപ്പിക്കേണ്ടതാണ്.

സൂചന (2) പ്രകാരമുള്ള പരിപത്രത്തിന്റെ പകർപ്പ് സർവ്വകലാശാല ഫിനാൻസ് വെബ്സൈറ്റിൽ ലഭ്യമാണ്.

**ഒപ്പ്**
**രജിസ്ട്രാർ**

**പകർപ്പ്**

- എല്ലാ പഠന വകുപ്പ് മേധാവികൾക്കും /സെന്ററുകൾക്കും /ഇൻഫർമേഷൻ സെന്ററുകൾക്കും /സെക്ഷനുകൾക്കും, പാളയം, കാര്യവട്ടം ക്യാമ്പസ്(ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തൽ)
- വി .സി, പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
- രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ, പ്ലാനിംഗ് ഡയറക്ടർ എന്നിവരുടെ പി. എ മാർ
- എല്ലാ ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റന്റ് രജിസ്ട്രാർ, പാളയം, കാര്യവട്ടം ക്യാമ്പസ്
- നോഡൽ ഓഫീസർ, MEDISEP
- എഡി.എ I/എഡി. എ III സെക്ഷനുകൾ
- ഫിനാൻസ് ഐ.റ്റി.സെൽ
- പി. ആർ. ഒ
- സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി